ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പൊതുമരാമത്തുവകുപ്പിന്റെ കരാർ നിയമത്തിൽ ഇപ്പോൾതന്നെ ഈ വ്യവസ്ഥ നിലവിലുണ്ട്. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ പണികൾക്ക് നിശ്ചയിച്ചിട്ടുള്ള ഗ്യാരന്റി പീരീഡിനുള്ളിൽ വരുന്ന കേടുപാടുകൾ കരാറുകാരന്റെ ചെലവിൽതന്നെ ചെയ്തുതീർക്കാൻ വ്യവസ്ഥയുണ്ട്.

(സി) ബാധകമല്ല.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിൽ പാർട്ട് ടൈം/കാഷ്വൽ സ്വീപ്പർമാരുടെ ജോലി സംരക്ഷണത്തിന് നടപടി

73 [1483] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്തുവകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽനിന്നും പാർട്ട് ടൈം/കാഷ്വൽ സ്വീപ്പർമാരെ ജോലിയിൽനിന്നും പിരിച്ചുവിടുന്നതായി പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനകം എത്രപേരെ ഇത്തരത്തിൽ പിരിച്ചുവിട്ടു;

(സി) സ്വീപ്പിംഗ് ഏരിയ കുറവാണെന്ന കാരണത്താൽ പല പാർട്ട് ടൈം സ്വീപ്പർമാരും പിരിച്ചുവിടൽ ഭീഷണി നേരിടുന്ന വിവരം സർക്കാർ പരിശോധിക്കുമോ;

(ഡി) പിരിച്ചുവിട്ട പാർട്ട് ടൈം/കാഷ്വൽ സ്വീപ്പർമാർ ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിലെ എല്ലാ പാർട്ട് ടൈം/കാഷ്വൽ സ്വീപ്പർമാരുടെയും ജോലി സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൻ. എച്ച്. മധ്യമേഖലയിലെ 4 ഓഫീസുകളിൽ നിന്നായി നാലുപേരെ ഇതിനകം പിരിച്ചുവിട്ടിട്ടുണ്ട്. മറ്റ് വിഭാഗങ്ങളിലും മറ്റ് മേഖലകളിലും ഇത്തരം പിരിച്ചുവിടൽ ഉണ്ടായിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(സി) പാർട്ട് ടൈം സ്വീപ്പറുടെ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഉള്ള സ്ഥലങ്ങളിൽ (Sanctioned Post) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയാണ് നിയമനം നടത്തുന്നത്. അപ്രകാരമുള്ള സ്ഥലങ്ങളിൽ പിരിച്ചുവിടൽ ഭീഷണിയൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാഷ്വൽ സ്വീപ്പർമാരെ പുനർവിനിയോഗിക്കാൻ നിർവാഹമില്ല. പുതുതായി ഓഫീസുകൾ തുടങ്ങുന്നപക്ഷം അതാതു ജില്ലകളിൽ ഇപ്രകാരം പിരിച്ചുവിടപ്പെട്ടവർ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

വിദ്യാഭ്യാസ കമ്മീഷൻ

74 [1484] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു വിദ്യാഭ്യാസ കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ഈ കമ്മീഷനെ നിയമിച്ചതെന്നും കമ്മീഷൻ, ചെയർമാൻ, അംഗങ്ങൾ എന്നിവർ ആരെല്ലാമാണെന്നും കമ്മീഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കമ്മീഷൻ ശുപാർശകൾ സമർപ്പിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിരുന്നോ;

(ഡി) എങ്കിൽ എത്ര നാളുകൾക്കകം റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

(എഫ്) ഇതനുസരിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) ഇത് സംബന്ധിച്ച് വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ ആളുകളേയും ഉൾപ്പെടുത്തി ചർച്ച നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8-7-2003-ലെ ജി. ഒ. (എം. എസ്.) 182/2003/പൊ.ഭ. വി. ഉത്തരവ് പ്രകാരമാണ് കമ്മീഷനെ നിയമിച്ചത്. ഡോ. യു. ആർ. അനന്തമൂർത്തിയാണ് കമ്മീഷൻ ചെയർമാൻ. ഡോ. എ. സുകുമാരൻ നായർ, ഡോ. ഡി. ബാബു പോൾ, പ്രൊഫ. എൻ. പുരുഷോത്തമൻ, പ്രൊഫ. കെ. എം. ബഹറാവുദീൻ എന്നിവരാണ് അംഗങ്ങൾ. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസരംഗം നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിച്ച് സമഗ്രമായി വിശകലനം ചെയ്ത് അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നുള്ളതായിരുന്നു കമ്മീഷന്റെ ഉദ്ദേശലക്ഷ്യം.

(സി ആന്റ് ഡി) നാല് മാസത്തെ കാലാവധി നിശ്ചയിച്ചിരുന്നു.

(ഇ) റിപ്പോർട്ട് സമർപ്പിച്ചിരുന്നു. റിപ്പോർട്ട് പരിശോധിച്ച് വരുന്നതേയുള്ളൂ. കൂടുതൽ കോപ്പികൾ ഇപ്പോൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly